(ബി) ഇവയിൽ എക്സൈസ് വകുപ്പിലെ ഗസറ്റഡ് ഓഫീസർമാർക്കെതിരെ അച്ചടക്ക നടപടി സംബന്ധിച്ച എത്ര ഫയലുകളുണ്ട്; ഗസറ്റഡ് ഓഫീസർമാർക്കെതിരെയുള്ള അച്ചടക്ക നടപടി സംബന്ധിച്ച് കാണാതായ ഫയലുകളിൽ ഓരോ ഉദ്യോഗസ്ഥർക്കും എതിരെയുള്ള എത്ര ഫയലുകൾ വീതമുണ്ട്;

(സി) ഓരോ ഫയലിലും കൈകാര്യം ചെയ്തിരുന്ന പ്രശ്നങ്ങൾ എന്തെല്ലാമാണെന്നും അത് ആർക്കെതിരെയുള്ളതാണെന്നും വെളിപ്പെടുത്തുമോ;

(ഡി) ഈ കാലഘട്ടത്തിൽ കാണാതായ ഫയലുകളിൽ സാമ്പത്തിക പ്രശ്നങ്ങൾ ഉൾപ്പെടുന്നവ എത്രയെണ്ണമുണ്ട്;

(ഇ) ഇവയിൽ ഓരോ ഉദ്യോഗസ്ഥനും സാമ്പത്തിക കാര്യത്തിൽ എന്തു തുകയ്ക്ക് വീതമുള്ള പിഴവുകൾ വരുത്തിയെന്നും അവർ ആരെല്ലാമെന്നും വ്യക്തമാക്കുമോ;

(എഫ്) ഈ വകുപ്പിൽനിന്ന് ഫയൽ കാണാതാകുന്നതിനെപ്പറ്റി അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടിയെടുക്കുമോ;

(ജി) കാണാതായ ഫയൽ കണ്ടെത്തുകയോ അവ റി കോൺസ്റ്റിറ്റ്യൂട്ട് ചെയ്യുകയോ ചെയ്യുമോ?

ഉത്തരം

(എ) ഇതുവരെയുള്ള വകുപ്പുതല അന്വേഷണത്തിൽ 119 (നൂറ്റിപത്തൊൻപത്) ഫയലുകൾ കാണാതായതായി ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

(ബി)-(ഇ) കാണാതായ ഫയലുകളിലെ ഉള്ളടക്കം അറിയാൻ നിർവ്വാഹമില്ല.

(എഫ്) അന്വേഷണത്തിൽ ഫയലുകൾ കാണാതായ സംഭവത്തിൽ കുറ്റക്കാരെന്ന് ബോദ്ധ്യം വരുന്ന ഉദ്യോഗസ്ഥർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുന്നതാണ്.

(ജി) കാണാതായ ഫയൽ കണ്ടെത്തുന്നതിനുള്ള ഊർജ്ജിതമായ നടപടികൾ സ്വീകരിച്ചുവരുന്നു. ഈ നടപടി എത്രമാത്രം ഫലപ്രദമാകുമെന്ന് അറിഞ്ഞതിനുശേഷമേ ഫയലുകൾ റീ കോൺസ്റ്റിറ്റ്യൂട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുകയുള്ളൂ.

പുതിയ ബാർ ലൈസൻസുകളും അബ്കാരി നിയമവും

77 (411) ശ്രീ. കെ. കുട്ടി അഹമ്മദ്കുട്ടി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ ബാർ ലൈസൻസുകൾ അനുവദിക്കേണ്ടതില്ലെന്ന തീരുമാനം നിലവിൽ വന്നതെന്നാണ്;

(ബി) പ്രസ്തുത സർക്കാർ ഉത്തരവ് നിലവിൽ വന്നതിനുശേഷം സംസ്ഥാനത്ത് എത്ര ബാറുകൾക്ക് പഴയ ലൈസൻസുകൾ പുതുക്കി നൽകിയിട്ടുണ്ട്; അവ ഏതൊക്കെ എന്ന് വിശദമാക്കുമോ;

(സി) അബ്കാരി നിയമത്തിലെ 13 എ ഷെഡ്യൂൾ 5 അനുസരിച്ച് നിലവിലുള്ള ബാർ ലൈസൻസുകളുടെ ഉടമകളോ, സ്ഥലമോ മാറിയാൽ

LIBRARY ARCHIVES Kerala Legislative Assembly

ലൈസൻസ് റദ്ദാക്കുമെന്ന നിയമമനുസരിച്ച് ലൈസൻസ് പുതുക്കി നൽക പ്പെട്ട ബാറുകളുടെ സ്ഥലങ്ങളിൽ മാറ്റം ഉണ്ടായിട്ടുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ അത്തരം ബാറുകൾക്കെതിരെ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) സർക്കാർ നടപടി സ്വീകരിച്ച ബാറുകളുടെയും അതാതു ലൈസൻസികളുടെയും പേരുവിവരം വ്യക്തമാക്കുമോ;

(എഫ്) 1991-ൽ മാനന്തവാടിയിലെ 'റിവേര' ഹോട്ടൽ ഉടമ ശ്രീ. മാത്യു ജോസഫ് തന്റെ ബാർ ലൈസൻസ് പുതുക്കി നൽകണമെന്ന് ആവശ്യപ്പെട്ട് കേരള ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിരുന്നുവോ;

(ജി) പ്രസ്തുത കേസ്സിന്റെ വിധി എന്തായിരുന്നു എന്ന് വിശദാംശം വെളിപ്പെടുത്തുമോ; കോടതി ഉത്തരവിന്റെ പ്രതി ലഭ്യമാക്കാമോ;

(എച്ച്) 'റിവേര' ഹോട്ടലിന്റെ പേരിൽ പുതുക്കി അനുവദിച്ച ബാർ ലൈസൻസ് ഒരേ ദിവസംതന്നെ ഹോട്ടൽ കമ്പനിയുടെ പേരിൽ കൈമാറിയ തായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഐ) എങ്കിൽ അതിനെതിരെ എന്തു നടപടികൾ സ്വീകരിച്ചു; വിശ ദാംശം വെളിപ്പെടുത്തുമോ;

(ജെ) സംസ്ഥാനത്ത് പുതിയ ബാറുകൾ നൽകേണ്ടതില്ലെന്ന 18.9.91-ലെ സർക്കാർ ഉത്തരവ് നിലവിൽ വന്നതിന്റെ അടുത്ത ദിവസം ബാർ ലൈസൻസ് നൽകുവാൻ എക്സൈസ് കമ്മീഷണർ ഉത്തരവിട്ടതിന്റെ അടിസ്ഥാനത്തിൽ ശ്രീ. മാത്യു ജോസഫ് മാനന്തവാടി സബ് ട്രഷറിയിൽ രണ്ട് ലക്ഷം രൂപ അടയ്ക്കുകയുണ്ടായോ;

(കെ) ഹോട്ടൽ റിവേരയ്ക്ക് ബാർ അനുവദിക്കുവാൻ സാദ്ധ്യമല്ലാ യെന്നു കാണിച്ചുകൊണ്ട് അപേക്ഷകന് നോട്ടീസ് നൽകിയിരുന്നുവോ;

(എൽ) ഹോട്ടൽ റിവേരയ്ക്ക് ബാർ അനുവദിക്കുന്നതിനെതിരെ എക്സൈസ് കമ്മീഷണറായിരുന്ന ശ്രീ. ആർ.പി. സിംഗ് നമ്പർ 10 എ3/9537/92 നമ്പരായി ബാറിന് അനുമതി നിഷേധിച്ചുകൊണ്ട് അന്തിമ ഉത്ത രവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(എം) എങ്കിൽ ഈ ഉത്തരവുകളെ മറികടന്നുകൊണ്ട് ഹോട്ടൽ റിവേ രയുടെ ഉടമസ്ഥൻ നേടിയെടുത്ത ബാർ ലൈസൻസ് ക്യാൻസൽ ചെയ്യുന്ന തിനും ഇതിനു കൂട്ടുനിന്ന എക്സൈസ് ഉദ്യോഗസ്ഥരെ മാതൃകാപരമായി ശിക്ഷിക്കുന്നതിനും സർക്കാരിനെ നിർദ്ദേശിച്ചുകൊണ്ട് കോടതി ഉത്തരവായി ട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ;

(എൻ) സർക്കാർ ഈ പ്രശ്നത്തിൽ എന്തു നടപടികൾ കൈക്കൊണ്ടു; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 11.12.91 ലെ ജി.ഒ (ആർ.ടി) നമ്പർ 807/91/നി.വ ഉത്തരവു പ്രകാരം 18.9.91 മുതൽ മുൻകാലപ്രാബല്യത്തോടെ പുതിയ ബാർ ലൈസൻസുകൾ നൽകേണ്ടതില്ലെന്ന് തീരുമാനിക്കുകയും 12.11.92 ലെ ജി.ഒ. (എം.എസ്) നമ്പർ 31/92/നി.വ. പ്രകാരം വിനോദസഞ്ചാര വികസനത്തിനു

LIBRARY ARCHIVES Kerala Legislative Assembly

വേണ്ടി മാത്രം ബാർ ലൈസൻസുകൾ നൽകുവാൻ തീരുമാനിക്കുകയും ചെയ്തു.

(ബി) നിലവിലുള്ള എല്ലാ ബാർ ലൈസൻസുകളും നിയമമനുസരിച്ച് വർഷാവർഷം പുതുക്കേണ്ടതാണ്. ഇതനുസരിച്ച് അപേക്ഷ സമർപ്പിച്ച എല്ലാ ലൈസൻസുകളും നിയമാനുസരണം പുതുക്കിക്കൊടുത്തിട്ടുണ്ട്.

(സി) വിദേശ മദ്യചട്ടം 13 എ സബ്റൂൾ 5-ൽ പുതിയ വിദേശമദ്യ ലൈസൻസുകൾ നൽകാൻ പാടില്ലാത്ത നിബന്ധനകളാണ് വിവരിക്കുന്നത്.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) ബാധകമല്ല.

(എഫ്) ഇല്ല.

(ജി) ചോദ്യം ഉദിക്കുന്നില്ല.

(എച്ച്) ഉണ്ട്.

(ഐ) ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 8/4/97 ലെ ഒ.പി. നമ്പർ 4506/97 സി.എം.പി. നമ്പർ 8319/97 ഇടക്കാല ഉത്തരവിന്റെയും സർക്കാരിന്റെ 5.5.97-ലെ ജി.ഒ. (ആർ.ടി) നമ്പർ 247/97/നി.വ. ഉത്തരവിന്റെയും ഹോട്ടൽ ഉടമ ശ്രീ. മാത്യു ജോസഫ് ഫയൽ ചെയ്ത ജി.എം.പി. നമ്പർ 3941/97 (റി അപ്പീൽ നമ്പർ 815/97) ന്റെ 9.9.97 ലെ ഉത്തരവിന്റെയും വെളിച്ചത്തിലാണ് ലൈസൻസ് പുതുക്കി നൽകിയതും സ്ഥലംമാറ്റി നൽകിയതും

(ജെ) 19.9.91 ൽ ഹോട്ടൽ റിവേരയ്ക്ക് ലൈസൻസ് നൽകി ഉത്തരവ് പുറപ്പെടുവിക്കുമ്പോൾ 18.9.91-ലെ സർക്കാർ ഉത്തരവ് എക്സൈസ് കമ്മീഷണർക്ക് ലഭിച്ചിരുന്നില്ല. ലൈസൻസിനായി ശ്രീ. മാത്യു ജോസഫ് രണ്ട് ലക്ഷം രൂപ ട്രഷറിയിൽ അടയ്ക്കുകയുണ്ടായി.

(കെ) നൽകിയിരുന്നു.

(എൽ) അന്നത്തെ എക്സൈസ് കമ്മീഷണർ ഈ കാര്യം സർക്കാരിന്റെ തീരുമാനത്തിന് നൽകുകയുണ്ടായി.

(എം) ഇല്ല. ബന്ധപ്പെട്ട കോടതി ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം വയ്ക്കുന്നു.†

(എൻ) ഹോട്ടൽ കമ്പനിയുടെ ലൈസൻസ് പുതുക്കി നൽകുന്നതിനുള്ള അപേക്ഷ നിരസിച്ചുകൊണ്ട് 19/12/2000-ൽ സർക്കാർ ഉത്തരവായിട്ടുണ്ട്.

ആര്യങ്കാവ് ചെക്കുപോസ്റ്റിലൂടെ കടത്തിവിട്ട സ്പിരിറ്റ്

78 (412) ശ്രീ. കെ.സി. ജോസഫ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 19.6.99-ൽ ആര്യങ്കാവ് ചെക്ക്പോസ്റ്റിലൂടെ കടത്തിവിട്ട സ്പിരിറ്റ് ലോറികളിൽ, തിരുനെൽവേലിയിലെ ധരണി ഷുഗർ മില്ലിൽനിന്ന് ഗോവയിലെ കസറവാൾ ഡിസ്റ്റിലറിയിലേയ്ക്കുള്ള സ്പിരിറ്റ് കൊണ്ടുപോയതാണെന്ന് രേഖയുണ്ടായിരുന്നുവോ;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly